ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ: ശ്രീ.ബി.റ്റി.വി. കൃഷ്ണൻ ബി.ടെക്)
**ഉത്തരവ് നം. ബി1/32165/19/CE തീയതി 17/8/2020**

വിഷയം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - റിവൈസ്ഡ് ഡെലിഗേഷൻ ഓഫ് പവ്വർ പ്രകാരം ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ചുമതല പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1.സർക്കാർ ഉത്തരവ് നം. 72/2013/മതുവ തീയതി 7/12/2013
2. ജി.ഒ.(പി) നം.111/19/ഫിൻ തീയതി 21.08.2019

പരാമർശിത ഉത്തരവ് (1) പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പില് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക അനുവദിച്ച കൊണ്ട് ഉത്തരവായിട്ടുണ്ട്. പരാമർശിത ഉത്തരവ് (2) പ്രകാരം ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ അധികാരവും ചുമതലയും പരിഷ്കരിച്ച കൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് 50 ലക്ഷം രൂപ വരെ അടങ്കൽ വരുന്ന പ്രവർത്തികളുടെ സാങ്കേതികാനുമതി നൽകുന്നതും, ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതുൾപ്പെടെയുള്ള ചുമതലകൾ ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം ഒരു ഡിവിഷന്റെ പ്രവർത്തനത്തിന്റെ രൂപത്തില് ചിട്ടപ്പെടുത്തേണ്ടത് കാര്യക്ഷമമായ പ്രവർത്തനത്തിന് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ഇലക്ട്രിക്കല് വിഭാഗത്തിന്റെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തികൊണ്ടു ഉത്തരവാകുന്നു.

1. വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇല.) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ഡ്രാഫ്റ്റ്മാൻ/ഓവർസിയർ, ഇലക്ട്രീഷ്യൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെക്കാനിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ), ഡ്രാഫ്റ്റ്മാൻ/ഓവർസിയർ (മെക്കാനിക്കൽ), മെക്കാനിക്ക്, ക്രെയിൻ ഓപ്പറേറ്റർ തുടങ്ങി എല്ലാ ജീവനക്കാരും ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേരിട്ടുള്ള ഓപ്പറേഷണൽ കൺട്രോളിലായിരിക്കും. എന്നാൽ ഇവരുടെ ആഡ്മിനിസ്ട്രേറ്റിവ് കൺട്രോൾ അവരവർ ജോലി ചെയ്യുന്ന ഓഫീസുകളിലെ ഓഫീസ് മേധാവിയ്ക്കായിരിക്കും.

2. ഇലക്ട്രിക്കൽ എസ്റ്റിമേറ്റുകൾ, മറ്റു കത്തിടപാടുകൾ എന്നിവ ബന്ധപ്പെട്ട ഇലക്ട്രിക്കൽ വിഭാഗം ഉദ്യോഗസ്ഥർ നേരിട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് (ഇലക്ട്രിക്കൽ) സമർപ്പിക്കേണ്ടതാണ്. ഇതിന്റെ പകർപ്പുകൾ ബന്ധപ്പെട്ട സിവിൽ വിഭാഗം ഉദ്യോഗസ്ഥന് / ഓഫീസ് മേധാവിക്ക് അറിവിലേക്കായി നൽകേണ്ടതാണ്.

3. ഓരോ പ്രവൃത്തിയുടെയും ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സിവിൽ പ്രവൃത്തികളുടെ ഡ്രായിംഗുകൾ തയ്യാറായ ഉടനെ തന്നെ ബന്ധപ്പെട്ട സിവിൽ പ്രവർത്തിയുടെ TS അതോറിറ്റി ഭരണാനുമതിയുടെ പകർപ്പ് സഹിതം ആയത് ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറേണ്ടതും സിവിൽ /ഇലക്ട്രിക്കൽ വിഭാഗങ്ങൾ വിശദമായി ചർച്ച ചെയ്ത ശേഷം അന്തിമരൂപരേഖ തയാറാക്കേണ്ടതുമാണ് .

T1/PJ/WFH

4. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ ഓരോ മാസവും സിവിൽ / ഇലക്ട്രിക്കൽ ലെയ്സൺ മീറ്റിംഗ് നടത്തേണ്ടതാണ്. യോഗത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നിവർ പങ്കെടുക്കേണ്ടതും പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കേണ്ടതുമാണ്.

5. ഇലക്ട്രിക്കൽ വിഭാഗം ഒരു ഡിവിഷൻ ഓഫീസിന്റെ പ്രവർത്തനത്തിന് സമാനമായ രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ട്. ഇതിനായി താഴെ പറയുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

i. ഇലക്ട്രിക്കൽ ഡിവിഷനുമായി ബന്ധപ്പെട്ട കത്തിടപാടുകൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ തപാലുകളുമായി ബന്ധപ്പെടുത്തേണ്ടതില്ല.

ii. ഭരണാനുമതി എസ്റ്റിമേറ്റുകൾ പ്രവർത്തികളുടെ / സാങ്കേതികാനുമതി /ടെൻഡർ/ കരാർ ഉടമ്പടി ഒപ്പ് വയ്ക്കൽ/ബില്ലിംഗ് തുടങ്ങിയ എല്ലാ കാര്യങ്ങളും എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ഒരു സ്വതന്ത്ര ഡിവിഷന്റെ പൂർണ്ണമായ അധികാരത്തോടെ നിർവ്വഹിക്കേണ്ടതാണ്.

iii. ഇതുമായി ബന്ധപ്പെട്ട ബിൽ auditing, bill closing തുടങ്ങിയവ ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉത്തരവാദിത്തത്തിൽ നിർവ്വഹിക്കേണ്ടതാണ്. ഇതിനായി നിലവിലുള്ള ഒരു ക്ലാർക്കിനു പുറമേ ചീഫ് എഞ്ചിനീയറുടെ ഓഫീസിലുള്ള ഒരു ക്ലാർക്കിന്റെ കൂടി സേവനം ലഭ്യമാക്കിയിട്ടുണ്ട്.

iv. Bill closing തുടങ്ങി ഡിവിഷണൽ അക്കൗണ്ടന്റ് പരിശോധിക്കേണ്ട കാര്യങ്ങൾ നിർവ്വഹിക്കുന്നതിനു ചീഫ്എഞ്ചിനീയറുടെ ഓഫീസിലെ ജൂനിയർ സൂപ്രണ്ടിന്റെ സേവനം ലഭ്യമാക്കുന്നതാണ്.

v. വാഹനങ്ങളുടെ റിപ്പയർ സംബന്ധിച്ച ഫയലുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിക്കുള്ളില് വരുന്നവ ചീഫ് എഞ്ചിനീയറുടെ അനുമതിയ്ക്ക് കാത്തു നില്ക്കാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തന്നെ ഡിസ്പോസ് ചെയ്യാവുന്നതാണ്.

vi. കമ്പ്യൂട്ടർ അനുബന്ധഘടകങ്ങളും വാങ്ങൽ, കംപ്യൂട്ടറുകളുടെ അറ്റകുറ്റപ്പണികൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ഡാറ്റ നെറ്റ് വർക്കിംഗ്, തുടങ്ങി IT യുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും ഇലക്ട്രിക്കൽ ഡിവിഷന് നിർവ്വഹിക്കേണ്ടതാണ്. ഈ പ്രവർത്തികളുടെ ചുമതല ഡിവിഷന് കീഴിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കു എക്സിക്യൂട്ടീവ് എഞ്ചിനീയർ വിഭജിച്ച നൽകേണ്ടതാണ്.

vii. ഇ-ടെൻഡറിന്റെ ആവശ്യങ്ങൾക്കായി IT cell-ൽ വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ശ്രീമതി. ജെ.എസ്. മാലിനിയുടെ സേവനം ലഭ്യമാക്കാവുന്നതാണ്.

6. ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ നടന്നു വരുന്ന വലുതും ചെറുതുമായ എല്ലാ പ്രവൃത്തികളുടെയും നിലവിലെ അവസ്ഥയും എസ്റ്റിമേറ്റ് തയ്യാറാക്കൽ സാങ്കേതികാനുമതി, ബിൽ പെയ്മെന്റ് മുതലായ കാര്യങ്ങൾ എല്ലാ തിങ്കളാഴ്ചയും ചീഫ് എഞ്ചിനീയർക്കു രേഖാമൂലം നൽകേണ്ടതാണ്.

7. വൈദ്യുതീകരണം പൂർത്തിയായ കെട്ടിടങ്ങളുടെ കണക്ഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് KSEB യുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നിർവഹിക്കുന്ന ചുമതല അതാതു പ്രവർത്തിയുടെ ചുമതലയുള്ള സിവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ / അസിസ്റ്റന്റ് എഞ്ചിനീയർക്കായിരിക്കും. ഇതിനാവശ്യമായ അപേക്ഷ പൂരിപ്പിച്ചു നൽകുക തുടങ്ങിയ കാര്യങ്ങൾ ഇലക്ട്രിക്കൽ വിഭാഗം നിർവ്വഹിക്കേണ്ടതാണ്. എന്നാൽ HT പ്രവൃത്തികളുടെയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി വേണ്ട മറ്റു പ്രവൃത്തികളുടെയും കത്തിടപാടുകളും ആവശ്യമായ അനുമതി ലഭ്യമാക്കാവുന്നതും മറ്റു ഇലക്ട്രിക്കൽ വിഭാഗം തന്നെ നിർവ്വഹിക്കേണ്ടതാണ്.

മേൽ നിർദേശങ്ങൾ അടിയന്തര പ്രാധാന്യത്തോടെ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

1) പകർപ്പ് എല്ലാ സൂപ്രണ്ടിംഗ്/ എക്സിക്യൂട്ടീവ്/അസി.എക്സി. എഞ്ചിനീയർമാർക്കും
2) ഈ കാര്യാലയത്തിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, എക്സി.എഞ്ചിനീയർ (ചീഫ് എഞ്ചിനീയറുടെ പി.എ), എക്സി.എഞ്ചിനീയർ (ഡിസൈൻ), അസി.എക്സി. എഞ്ചിനീയർ (ഇലക്ട്രിക്കൽ), എ.എ.
3) ചീഫ് എഞ്ചിനീയറുടെ ടേബിലിലേയ്ക്ക്

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്